KERALA BANK
Kerala State Co-operative Bank

# മഴവില്ല്

കേരള ബാങ്ക് ബുള്ളറ്റിൻ

Monthly Newsletter of Kerala State Co-operative Bank Vol.2 Issue.5 May 2022

# ദേശീയ അവാർഡ് കേരള ബാങ്കിന് ലഭിച്ച അംഗീകാരം മന്ത്രി വി എൻ വാസവൻ




2019 നവംബറിൽ രൂപീകൃതമായ കേരള ബാങ്കിന്റെ പ്രവർത്തന മികവിനുള്ള അംഗീകാരമാണ് ബാങ്കിന് ലഭിച്ച ദേശീയ അവാർഡ് എന്ന് മന്ത്രി. ശ്രീ. വി.എൻ. വാസവൻ. സഹകരണ വകുപ്പ് മന്ത്രിയായി അധികാരം ഏറ്റതിന്റെ ഒരു വർഷം പൂർത്തിയാകുമ്പോൾ സഹകരണമേഖലയുടെ പ്രത്യേകിച്ച് കേരള ബാങ്കിന്റെ പ്രവർത്തനങ്ങളിൽ അഭിമാനകരമായ നേട്ടമാണ് ഉണ്ടായിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

സഹകരണ മേഖലയുടെ അപെക്സ് ഫെഡറേഷനായ നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് (NAFSCOB) ഏർപ്പെടുത്തിയ ദേശീയ അവാർഡ് കേരള ബാങ്കിന് ലഭിച്ചതിന്റെ ഭാഗമായി ജീവനക്കാരെ അഭിനന്ദനം അറിയിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. തിരഞ്ഞെടുത്ത ഭരണസമിതിയുടെ മേൽനോട്ടത്തിലുള്ള വിജയകരമായ പ്രവർത്തനം, ബാങ്കിങ് സേവനങ്ങൾ പരമാവധി ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിൽ കൈവരിച്ച വിജയം, മികച്ച റിക്കവറി പ്രവർത്തനങ്ങൾ, സാമ്പത്തിക സാക്ഷരതാ രംഗത്തുണ്ടായ മുന്നേറ്റം തുടങ്ങി വിവിധ മേഖലയിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലാണ് മികച്ച സംസ്ഥാന സഹകരണ ബാങ്കിനുള്ള ദേശീയ അവാർഡ് കേരളബാങ്കിന് ലഭിച്ചത്.

കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ ജീവനക്കാരെയും ഭരണ സമിതി അംഗങ്ങളെയും ഉൾപ്പെടുത്തി 2021 ഡിസംബർ ഒന്നു മുതൽ 2022 മാർച്ച് 31 വരെ നടത്തിയ 'Be the number one' ക്യാമ്പയിന്റെ നാലുമാസത്തെ പ്രവർത്തനത്തിലൂടെ ബിസിനസ് വളർച്ചയിൽ 3205.78 കോടിയുടെ നേട്ടമുണ്ടാക്കാൻ സാധിച്ചതായും അദ്ദേഹം അറിയിച്ചു. ക്യാമ്പയിൻ കാലയളവിൽ നിക്ഷേപത്തിൽ 1918.49 കോടിയുടെയും CASA നിക്ഷേപത്തിൽ 2781.30 കോടിയുടെയും വായ്പാ വിതരണത്തിൽ 1287.29 കോടിയുടെയും വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞു. 27.93 ശതമാനം ആയിരുന്ന നിഷ്ക്രിയ ആസ്തി 12.79 ശതമാനമായി കുറക്കുന്നതിനും ക്യാമ്പയിൻ കാലത്തെ പ്രവർത്തനം സഹായിച്ചു. RBI നിഷ്കർഷിക്കുന്ന 7 ശതമാനത്തിൽ താഴെ നിഷ്ക്രിയ ആസ്തിയിലേക്ക് 2022-23 സാമ്പത്തിക വർഷത്തിൽ കേരള ബാങ്കിനെ എത്തിക്കുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നതായും അദ്ദേഹം അറിയിച്ചു.

രോഗികളും നിരാലംബരും തിരിച്ചടവിന് കഴിയാത്തവരുമായ മുപ്പതിലധികം കുടിശ്ശികക്കാരുടെ വായ്പ കേരള ബാങ്ക് ജീവനക്കാരും ഭരണ സമിതിയും മുൻ കൈ എടുത്ത് ബാധ്യത തീർത്ത് പ്രമാണം തിരിച്ചു നൽകിയതും പ്രശംസനീയമാണെന്ന് മന്ത്രി വ്യക്തമാക്കി.

കേരള ബാങ്കിൽ നിലവിലുള്ള ഒഴിവുകളിലേക്കും, പുതിയതായി സൃഷ്ടിച്ച തസ്തികകളിലേക്കുമുള്ള നിയമനം വേഗത്തിലാക്കുമെന്നും അദ്ദേഹം അറിയിച്ചു.

കേരള ബാങ്കിലെ 5000 ലധികം ജീവനക്കാരെ ഓൺലൈനായി അഭിസംബോധന ചെയ്ത ചടങ്ങിൽ പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ, ബാങ്ക് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. പി.എസ്. രാജൻ എന്നിവർ സംസാരിച്ചു.



# ഒളിമ്പിക് എക്സ്പോയിൽ കേരള ബാങ്കിന്റെ സ്റ്റോൾ ശ്രദ്ധാകേന്ദ്രമായി











പ്രഥമ കേരള ഗെയിംസിനോടനുബന്ധിച്ച് തിരുവനന്തപുരം കനകക്കുന്നിൽ കേരള ഒളിമ്പിക് അസോസിയേഷൻ സംഘടിപ്പിച്ച 'ഒളിമ്പിക് എക്സ്പോ 2022'-ൽ കേരള ബാങ്ക് ഒരുക്കിയ സ്റ്റോൾ ശ്രദ്ധേയമായി. തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി, ശ്രീ. എം.വി. ഗോവിന്ദൻ എക്സ്പോ ഉദ്ഘാടനം ചെയ്തു.




SCAN NOW

YOUTUBE LINK

കേരള ബാങ്ക് പ്രസിഡണ്ട് ശ്രീ. ഗോപി കോട്ടമുറിക്കൽ കൗമുദി ടിവി ചാനലിന് നൽകിയ ഇൻറർവ്യൂ കാണാനായി ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക.

NABARD
Published with assistance from NABARD under Co-operative Development Fund

# കയറ്റുമതി പെരുമയുമായി വാരപ്പെട്ടി സർവീസ് സഹകരണ സംഘം



## സംഘത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന നെൽകൃഷി

ഭക്ഷ്യ സംസ്കരണ മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ കയറ്റുമതിയിലൂടെ ശ്രദ്ധ കേന്ദ്രമായിരിക്കുകയാണ് വാരപ്പെട്ടി സർവീസ് സഹകരണ ബാങ്ക്. ഇവിടെ ഉല്പാദിപ്പിക്കുന്ന വെളിച്ചെണ്ണ, വിവിധ തരം വാക്വം ഫ്രൈകൾ എന്നിവ യു എസ്, ന്യൂസിലാന്റ്, ആസ്ട്രേലിയ, കുവൈറ്റ് എന്നീ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തു വരുന്നു.

കേരളത്തിന്റെ വാണിജ്യ തലസ്ഥാനമായ എറണാകുളം ജില്ലയിൽ ഹൈറേഞ്ചിന്റെ കവാടമായ കോതമംഗലം താലൂക്കിൽ വാരപ്പെട്ടി വില്ലേജ് പ്രവർത്തനമേഖലയായി വാരപ്പെട്ടി സർവീസ് സഹകരണ സംഘം 08.12.1925-ൽ രജിസ്റ്റർ ചെയ്ത് 07.08.1926-ൽ പ്രവർത്തനമാരംഭിച്ച് ഇന്ന് നൂറുകോടി രൂപ പ്രവർത്തന മൂലധനത്തിൽ എത്തിനിൽക്കുകയാണ്.

വാരപ്പെട്ടി സർവീസ് സഹകരണ സംഘം കഴിഞ്ഞ് 20 വർഷമായി തുടർച്ചയായി ലാഭത്തിൽ പ്രവർത്തിച്ചുവരുന്നതും അംഗങ്ങൾക്ക് 25% വരെ ലാഭവിഹിതം വിതരണം ചെയ്തു വരുന്നതുമാണ്. നിക്ഷേപം, ഫാമിലി നിക്ഷേപം, വിവിധ സലയുള്ള എംഡിഎസ് തുടങ്ങിയ ബാങ്കിംഗ് പ്രവർത്തനങ്ങൾ വിജയകരമായി നടത്തുന്നു. കൂടാതെ, സഹകാരികളുടെ കാർഷിക ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനായി കാർഷിക വിപണി, മറ്റ് ആവശ്യങ്ങൾക്കായി കാർഷിക ഉപകരണ സ്റ്റോർ, നീതി സ്റ്റോറുകൾ, നീതി സൂപ്പർമാർക്കറ്റ്, വളം ഡിപ്പോ, കേരള ഫീഡ്സ് ഏജൻസി, നീതി മെഡിക്കൽ ലാബ്, മലബാർ സിമന്റ് വ്യാപാരം; നാളികേര വികസന ബോർഡിന്റെ അംഗീകാരമുള്ള കോക്കനട്ട് നഴ്സറി, എറ്റിഎം, സ്റ്റോഫ്റ്റ് ഡ്രിംഗ്സ്, ഡ്രൈ ഫ്രൂട്ട് ആൻഡ് വെജിറ്റബിൾസ്, മത്സ്യഫെഡിന്റെ അംഗീകൃത ഫിഷ്സ്റ്റാൾ എന്നിങ്ങനെ ഒട്ടനവധി അനുബന്ധ പ്രവർത്തനങ്ങൾ ആരംഭിച്ച് വിജയകരമായി നടത്തിവരുന്നു.

ഹെഡ് ഓഫീസ് കൂടാതെ മൈലൂർ, ഇഞ്ചൂർ, ഇളങ്ങവം പ്രദേശങ്ങളിൽ മൂന്ന് ബ്രാഞ്ചുകളും നിലവിലുണ്ട്. ദേശീയ പുരസ്കാരവും 2019 - 20, 2020-21 വർഷത്തെ മികച്ച സംഘത്തിനുള്ള അവാർഡും സഹകരണ മന്ത്രിയുടെ ഇന്നൊവേഷൻ അവാർഡും നേടിയിട്ടുണ്ട്.

തികച്ചും ഗ്രാമപ്രദേശമായ വാരപ്പെട്ടി വില്ലേജിലെ ജനങ്ങൾക്ക് വേണ്ടി കാർഷിക മേഖലയിൽ സംഘം ഇടപെടുന്നതിനായി വിത്ത്, വളം എന്നിവ ലഭ്യമാക്കിയും കാർഷിക ആവശ്യങ്ങൾക്ക് ആവശ്യമായ കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിനായി കാർഷിക ഉപകരണ സ്റ്റോർ സ്ഥാപിച്ചിട്ടുള്ളതാണ്. ഈ സംഘത്തിന്റെ നേതൃത്വത്തിൽ ഒരു കാർഷിക വിപണി നല്ല രീതിയിൽ പ്രവർത്തനം നടത്തി വരുന്നുണ്ട്. സംഘത്തിലെ അംഗങ്ങളായ കർഷകരുടെ കൂട്ടായ്മ രൂപീകരിച്ച് അവരുടെ ഉൽപ്പന്നങ്ങൾ എല്ലാ ചൊവ്വാഴ്ചയും വെള്ളിയാഴ്ചയും ശേഖരിച്ച് ലേലം ചെയ്ത് വില്പന നടത്തി കർഷകർക്ക് ന്യായമായ വില ഉറപ്പു വരുത്തുന്നതിന് കഴിയുന്നുണ്ട്.

തികച്ചും ശുദ്ധമായ രീതിയിൽ പഴങ്ങളും പച്ചക്കറികളും ഉണക്കി സൂക്ഷിക്കുന്നതിനും, ലഭ്യത കുറവുള്ള സമയത്ത് വിപണനം നടത്തുന്നതിനുമായി പുതിയ സാങ്കേതികവിദ്യയായ ക്ലോസ്ഡ് ഹീറ്റ് ഹൈഡ്രേഷൻ വഴി വൈദ്യുതി ഉപയോഗിച്ച് മാലിന്യ മുക്തമായി ഉണക്കുന്ന രീതിയാണ് സംഘം അവലംബിച്ചിട്ടുള്ളത്. ഇപ്രകാരം ഉണക്കി സൂക്ഷിക്കുന്ന ചക്ക, ചക്കപ്പഴം, കപ്പ, പൈനാപ്പിൾ' വാഴപ്പഴം തുടങ്ങിയ എല്ലാ പഴങ്ങളും പച്ചക്കറികളും ഗുണമേന്മ നഷ്ടപ്പെടാതെ ശുദ്ധമായി സൂക്ഷിക്കുന്നതിനായി കേരള കാർഷിക സർവകലാശാലയിൽ നിന്നും സാങ്കേതിക പരിജ്ഞാനം നേടി ശാസ്ത്രീയമായി സംസ്കരിച്ച് വിപണനം നടത്തുന്ന രീതിയാണ് സംഘം നടപ്പാക്കുന്നത്.

കപ്പ, ചക്ക, ഏത്തക്കായ്, വിവിധതരം പഴങ്ങളും, ഡീപ് ഫ്രീസ് ചെയ്ത് വാക്വം ഫ്രൈയിംഗ് മെഷീൻ ഉപയോഗിച്ച് വളരെ കുറച്ച് മാത്രം എണ്ണ ഉപയോഗിച്ച് വറുത്തെടുക്കുന്ന രീതിയാണ് വാക്വംഫ്രൈ. എണ്ണ അമിതമായി ചൂടാകാതെയും സാധനങ്ങളുടെ ഗുണമേന്മയും യഥാർത്ഥ നിറവും നഷ്ടപ്പെടാതെയുമാണ് വറുത്തെടുക്കുന്നത്. ഈ സാങ്കേതികവിദ്യ ഉപയോഗിക്കുക വഴി എണ്ണ 62 ആവർത്തിവരെ ഉപയോഗിക്കാൻ കഴിയുമെന്നതും ഉത്പന്നങ്ങളിൽ എണ്ണയുടെ ആഗിരണം വളരെ കുറഞ്ഞ അളവിലുമായിരിക്കും. സംഘത്തിന് 3.33 കോടി രൂപയുടെ മൊത്തം സാമ്പത്തിക അടങ്കൽ തുകയും മൂന്ന് കോടി രൂപയുടെ ടേം വായ്പയും PACS as MSC എന്ന സ്കീം പ്രകാരം കേരള ബാങ്ക് അംഗീകാരം നൽകിയിരുന്നു.

സംഘം ശുദ്ധമായ വെളിച്ചെണ്ണ ഉൽപാദിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകി. "VARAPPETTY" ട്രേഡ് നെയിം സ്വീകരിച്ച് 2015 മുതൽ മൂല്യ വർദ്ധിത ഉത്പന്നം എന്ന നിലയിൽ "AGMARK" വെളിച്ചെണ്ണ ഉത്പാദിപ്പിച്ച് വിപണനം നടത്തിവരുന്നതും, 2017-ൽ വിതരണത്തിനായി വാഹനം വാങ്ങി എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകളിൽ സംഘം നേരിട്ട് വിതരണം നടത്തി വരുന്നതുമാണ്. കൂടാതെ, ഇതിനായി കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡിന്റെ അംഗീകാരത്തോടെ പുതിയ പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളതാണ്. ഇതുവഴി വാരപ്പെട്ടി പഞ്ചായത്തിലെ 25-ലധികം സഹകാരികൾക്ക് നേരിട്ടും 25-ലധികം സഹകാരികൾക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നുണ്ട്.

1.30 ഏക്കർ സ്ഥലത്ത് കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡിന്റെ അംഗീകാരത്തോടെ ഒരു കോക്കനട്ട് നഴ്സറി സ്ഥാപിച്ചിട്ടുള്ളതും, ആദ്യ വർഷം 2500 തെങ്ങിൻ തൈകളും, കഴിഞ്ഞവർഷം 10,000 വിത്തു തേങ്ങ കോഴിക്കോട് കുറ്റ്യാടിയിൽ നിന്നും നേരിട്ട് ശേഖരിച്ച് നട്ട് മുളപ്പിച്ച് തൈകളാക്കി വിതരണം ചെയ്തിട്ടുള്ളതും ഈ വർഷം വിതരണത്തിനായി തയ്യാറായിക്കഴിഞ്ഞു.

സംഘം ഈ പഞ്ചായത്തിൽ തരിശായി കിടന്നിരുന്ന 6 ഏക്കർ പാടശേഖരം ഏറ്റെടുത്ത് സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നെൽകൃഷി നടത്തി വിളവെടുത്തിട്ടുണ്ട്. ബാങ്കിൽ നിന്നും സഹകാരികൾക്ക് ആട്, പശു, പോത്ത് എന്നിവ വളർത്തുന്നതിനായി വായ്പകൾ ലഭ്യമാക്കി വരുന്നു. ഈ കർഷകർക്ക് പൊതു മാർക്കറ്റിലേക്കാൾ കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള കാലിത്തീറ്റ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള ഫീഡ്സിന്റെ ഏജൻസി എടുത്ത് കാലത്തീറ്റ വിതരണം ചെയ്യുന്നു.

മത്സ്യകൃഷിയിലൂടെ വരുമാനം വർദ്ധിപ്പിക്കുകയും മത്സ്യകൃഷിയെക്കുറിച്ച് അവബോധം ഉണ്ടാക്കുകയും ചെയ്യുന്നതിനായി ഫിഷ് ടാങ്കം, മത്സ്യകുഞ്ഞുങ്ങളെയും, മീൻ തീറ്റയും അംഗങ്ങൾക്ക് നൽകി ബാങ്ക് പരിധിയിൽ വീട്ടിൽ ഒരുകുടമത്സ്യം പദ്ധതി നടപ്പാക്കിയിട്ടുള്ളതാണ്'

ഈ പ്രദേശത്തെ ജനങ്ങൾ രക്ത പരിശോധനയ്ക്കായി കോതമംഗലം, മൂവാറ്റുപുഴ തുടങ്ങിയ പട്ടണങ്ങളെയാണ് ആശ്രയിച്ചിരുന്നത്. ഇതിനൊരു പരിഹാരം എന്ന നിലക്കാണ് സംഘം ഒരു നീതി മെഡിക്കൽ ലാബ് ആരംഭിച്ചത്.ലാബിൽ ദിവസേന 240 ടെസ്റ്റുകൾ വരെ നടത്തുന്നതിനും വളരെ കൃത്യതയോടെ റിസൾട്ട് കൊടുക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഈ ലാബിലൂടെ 10 രൂപയ്ക്ക് ഷുഗർ ടെസ്റ്റും, 60 രൂപയ്ക്ക് കൊളസ്ട്രോൾ ടെസ്റ്റും നടത്തുന്നതിലൂടെ സഹകാരികൾക്ക് ഏറെ പ്രയോജകരവും ആശ്വാസ കേന്ദ്രവുമാകാൻ കഴിഞ്ഞിട്ടുണ്ട്.

പ്രദേശത്ത് വിഷ രഹിതവും, ഗുണമേന്മയുള്ളതുമായ മത്സ്യം ലഭ്യമാക്കുന്നതിനായി മത്സ്യഫെഡ് ഫിഷ് സ്റ്റാൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെ, നിർമ്മാണ രംഗത്ത് ഇടപെടുന്നതിന്റെ ഭാഗമായി മലബാർ സിമന്റിന്റെ ഏജൻസി എടുത്ത് ന്യായമായ വിലക്ക് സഹകാരികൾക്ക് സിമന്റ് ലഭ്യമാക്കി വരുന്നുണ്ട്.

നിലവിൽ സംഘം പ്രസിഡന്റ്, ശ്രീ.എം.ജി. രാമകൃഷണനും സെക്രട്ടറി, ശ്രീ.ടി.ആർ.സുനിലുമാണ്.




കയറ്റുമതിയ്ക്കായി പാക്ക് ചെയ്ത മരച്ചീനി (കപ്പ)

# കേരള ബാങ്ക് പുൽപ്പള്ളി ശാഖ പുതിയ കെട്ടിടത്തിലേക്ക് മാറി



കേരള ബാങ്ക് പുൽപ്പള്ളി ശാഖയുടെ പുതിയ കെട്ടിടം ബാങ്ക് ഡയറക്ടർ ശ്രീ. പി. ഗഗാറിൻ ഉദ്ഘാടനം ചെയ്യുന്നു

ഇടപാടുകാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന സഹകരണ ബാങ്ക് പുൽപ്പള്ളി ശാഖയുടെ പ്രവർത്തനം പുൽപ്പള്ളി താന്നിത്തെരുവ് റൂട്ടിലെ ഈസ്റ്റ് അവന്യൂ ബിൽഡിംഗിലേക്ക് മാറ്റി. ശാഖയുടെ പുതിയ കെട്ടിടം കേരള ബാങ്ക് ഡയറക്ടർ ശ്രീ. പി. ഗഗാറിൻ ഉദ്ഘാടനം ചെയ്തു.

ഡയറക്ടർ ശ്രീ. ഇ. രമേശ് ബാബു അധ്യക്ഷത വഹിച്ചു. കുടുംബശ്രീ സംരംഭങ്ങൾക്കുള്ള കെബി സഹജ മൈക്രോഫിനാൻസ് വായ്പയുടെ വിതരണം പുൽപ്പള്ളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ടി.എസ്. ദിലീപ് കുമാറും കോവിഡ് കാലത്ത് നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് വസ്തു ജാമ്യമില്ലാതെ 5 ലക്ഷം രൂപവരെ നൽകുന്ന പ്രവാസി ഭദ്രത വായ്പയുടെ വിതരണം കേരള ബാങ്ക് റീജിയണൽ ജനറൽ മാനേജർ ശ്രീ. സി. അബ്ദുൽ മുജീബും നിർവ്വഹിച്ചു.

പുൽപ്പള്ളി ഗ്രാമപഞ്ചായത്തംഗം ശ്രീമതി ശോഭ സുകു, സംസ്ഥാന സഹകരണ യൂണിയൻ ഭരണ സമിതി അംഗം, ശ്രീ. വി. വി. ബേബി, സുൽത്താൻ ബത്തേരി കാർഷിക വികസന ബാങ്ക് വൈസ് പ്രസിഡന്റ് ശ്രീ. എം.എസ്. സുരേഷ് ബാബു, പുൽപ്പള്ളി എസ്.സി.ബി അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി കൺവീനർ ശ്രീ. സജി തൈപ്പറമ്പിൽ, മുള്ളൻകൊല്ലി എസ്.സി.ബി പ്രസിഡന്റ് ശ്രീ. ജോയി വാഴയിൽ തുടങ്ങിയവർ പ്രസംഗിച്ചു. സി.പി.സി ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. എൻ നവനീത് കുമാർ സ്വാഗതവും ശാഖാ മാനേജർ ശ്രീമതി പി. എസ്. വിജിമോൾ നന്ദിയും പറഞ്ഞു.

# FPO: കർഷകർക്കായി യോഗങ്ങൾ സംഘടിപ്പിച്ചു







ബാങ്കിന്റെ BDPI സെല്ലിന്റെ നേതൃത്വത്തിൽ എറണാകുളം ജില്ലയിൽ എട്ടു പ്രധാന സ്ഥലങ്ങളിൽ ഫാർമേഴ്സ് പ്രോഡ്യൂസേഴ്സ് ഓർഡനൈസേഷനിൽ (FPO) താല്പര്യമുള്ള കർഷകരുടെ പ്രത്യേക യോഗങ്ങൾ സംഘടിപ്പിച്ചു. ഈ യോഗങ്ങളിൽ 950-ലേറെ കർഷകർ പങ്കെടുത്തു. എഫ് പി ഒ - കളുടെ സാധ്യതകളെ കുറിച്ചും എഫ്പിഒ--കൾ സ്ഥാപിക്കാനായി ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും ബാങ്കിന്റെ BDPI സെൽ റിസോഴ്സ് പേഴ്സൺ ശ്രീ. ഷാജി സക്കറിയ വിശദീകരിച്ചു.






തൃശ്ശൂർ പൂരം 2022–
കേരള ബാങ്ക് ലോഗോ പതിച്ച ബലൂണുകൾ ജീവനക്കാർ വിതരണം ചെയ്തു

# സഹകരണ വാർത്തകൾ

- മെയ് 7: സഹകാരി ആശ്വാസ നിധിയിൽ നിന്ന് 29 പേർക്ക് സഹായധനം അനുവദിക്കാൻ തീരുമാനിച്ചു. അവശരായ മുൻ സഹകാരികളെ സഹായിക്കുന്നതിനായി സഹകരണ വകുപ്പ് പ്രഖ്യാപിച്ച പദ്ധതിയാണിത്.
- മെയ് 7: ദീർഘകാലം സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളുടെ എക്സിക്യൂട്ടീവ് ഡയറക്ടറും, നാഷണൽ കോ-ഓപ്പറേറ്റീവ് കൗൺസിൽ അംഗവുമായിരുന്ന പി രാഘവൻ നായരുടെ സ്മരണയിൽ കൊടുവള്ളി കോ-ഓപ്പറേറ്റീവ് അർബൻ സൊസൈറ്റി ഏർപ്പെടുത്തിയ പ്രഥമ സഹകാരി പ്രതിഭാ പുരസ്കാരം കാരശ്ശേരി സഹകരണ ബാങ്ക് ചെയർമാൻ ശ്രീ. എൻ. കെ. അബ്ദുറഹിമാന് ലഭിച്ചു.
- മെയ് 7: മേഖലാ ക്ഷീരോൽപ്പാദക യൂണിയനിലെ വോട്ടവകാശത്തിൽ വ്യക്തത വരുത്താൻ സഹകരണ നിയമം ഭേദഗതി ചെയ്യും. ഓർഡിനൻസ് പുറപ്പെടുവിക്കാൻ മന്ത്രിസഭായോഗം ഗവർണറോട് ശുപാർശ ചെയ്തു.
- മെയ് 7: സഹകരണ ബാങ്കുകളിൽ നിന്നും കർഷകർ എടുത്ത വായ്പകൾക്ക് കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന ഇളവിനായി അപേക്ഷിക്കാനുള്ള തീയതി രണ്ടു വർഷത്തേക്ക് കൂടി നീട്ടിയതായി കൃഷിമന്ത്രി ശ്രീ. പി. പ്രസാദ് അറിയിച്ചു.
- മെയ് 8: സപ്ലൈകോ സംസ്ഥാനത്ത് നടത്തിയ വിഷു, ഈസ്റ്റർ, റംസാൻ മേളയിൽ 221 കോടി രൂപയുടെ വിറ്റുവരവുണ്ടായതായി സിഎംഡി ഡോ: സജീവ് കുമാർ പട്ജോഷി അറിയിച്ചു.
- മെയ് 16: സഹകരണ വകുപ്പ് ഇനി മുതൽ സമ്പൂർണ്ണ ഇ-ഓഫീസ്. സഹകരണ സർവീസ് പരീക്ഷാ സംവിധാനവും സജ്ജമായി. സഹകരണ മന്ത്രി ശ്രീ. വി.എൻ.വാസവൻ പദ്ധതികൾ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സർക്കാരിൻറെ രണ്ടാം നൂറുദിന കർമ്മ പരിപാടിയിലാണ് പദ്ധതികൾ ഏറ്റെടുത്തത്.
- മെയ് 25: ഒരു വർഷത്തിനിടെ 1712 പേർക്ക് സ്ഥിര നിയമനം സഹകരണ വകുപ്പ് വഴി നൽകി. വിവിധ പദ്ധതിയിൽ 43, 894 തൊഴിലവസരവുമൊരുക്കി. കേരള ബാങ്ക് അടക്കം ഒഴിവുകൾ പിഎസ്സിക്ക് റിപ്പോർട്ട് ചെയ്യുന്നുമുണ്ട്. സ്വയംതൊഴിൽ കണ്ടെത്താനും സഹകരണ സംഘങ്ങൾ പിന്തുണ നൽകുന്നതായി സഹകരണ മന്ത്രി, ശ്രീ. വി. എൻ. വാസവൻ പറഞ്ഞു

# Transforming Villages.
# Ensuring Prosperity.



Climate Action

Rural Infrastructure

Watershed Development

Farmer Collectives

Women Empowerment

Tribal Development

Financial Inclusion

NABARD

Development Bank of the Nation

www.nabard.org /nabardonline

Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.PO, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905